പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2773 — 20.07.2011-ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ വൈദ്യുതീകരണ ജില്ല.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ :<br>ശ്രീ. കെ. രാജു :<br>ശ്രീമതി. ഇ. എസ്. ബിജിമോൾ :<br>ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| എല്ലാ ജില്ലകളും സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | ഉദ്ദേശിക്കുന്നു. പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമാക്കി കേരളത്തിലെ ഗ്രാമീണ ഭവനങ്ങളുടെ വൈദ്യുതീകരണത്തിനായി ആരംഭിച്ച ആർ. ജി. ജി. വി. വൈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തികൾ ഇടുക്കി ജില്ലയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി വടക്കൻ കേരളത്തിലെ ആറു ജില്ലകളിലായി 114.57 കോടിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ 83.48 കോടി രൂപയുടെ ആർ. ജി. ജി. വി. വൈ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. കാലാകാലങ്ങളിൽ ബോർഡ് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള ടാർജറ്റ് പുതുക്കി നിശ്ചയിക്കുന്നുണ്ട്. നിലവിലുള്ള ടാർജറ്റ് 31-03-2011 ആണ്. |

സെക്ഷൻ ഓഫീസർ.